# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 28-09-2016 ൽ
ചോദ്യം നം. 644 | മറുപടിയ്ക്ക്

### ശുദ്ധജല സംഭരണികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.സ്വരാജ് | | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ശുദ്ധജല സംഭരണികൾ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ; | (എ) & (ബി) | ശുദ്ധജലസംഭരണികളായ കുളങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും വ്യാപകവുമാക്കുന്ന-തിനായി 'ജില്ലാ ജലസേചന പദ്ധതി' (ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ) തയ്യാറാക്കി വരുന്നു,<br>കേരള ജല അതോറിറ്റിയുടെ ശുദ്ധജല സംഭരണികൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റിലെ [Renovation of Civil Structures] ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി ജലസംഭരണികൾ സംരക്ഷിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിതമുപയോഗപ്പെടുത്തിയും നബാർഡ് സാമ്പത്തിക സഹായത്തോടെയും ശുദ്ധജല സംഭരണികൾ സംരക്ഷിച്ചു വരുന്നു. ശുദ്ധജല സംഭരണികളുടെ പുനഃരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും വ്യാപകവുമാക്കുന്നതിനായി പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ജില്ലാ ജലസേചന പദ്ധതി (ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ) തയ്യാറാക്കി വരുന്നു. |
| (ബി) | ഇതിലേക്കായി നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ; | | |

........2

| | | | |
|---|---|---|---|
| | | | കാലപ്പഴക്കം കൊണ്ട് കേടുപാടുകൾ സംഭവിച്ചിട്ടുള്ള ജലഅതോറിറ്റിയുടെ ജലസംഭരണികളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന ബഡ്ജറ്റിലെ ഫണ്ട് ഉപയോഗിച്ച് ഇതിന്റെ കേടുപാടുകൾ തീർത്ത് വരുന്നുണ്ട്. സമയബന്ധിതമായി സംഭരണികൾ സംരക്ഷിക്കുന്നതിന് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. |
| (സി) | എല്ലാ കുളങ്ങളും ജലാശയങ്ങളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**